സ്ഥാപനപ്പെടുത്തിവേണം ശരിയായ ജനാധിപത്യത്തിന്റെ മേന്മ നിശ്ച യിക്കുവാൻ. ന്യൂനപക്ഷത്തിന്റെ വിശ്വാസങ്ങളും ആചാരങ്ങളും ഭൂരിപ ക്ഷത്തിന്റെ യുക്തിബോധവുമായി പൊരുത്തപ്പെട്ടുകൊള്ളണമെന്നില്ല. ന്യൂനപക്ഷത്തിന്റെ വിശ്വാസം ആത്മാർത്ഥവും അവരുടെ മനസ്സാക്ഷി ക്ക് അനുസൃതവുമാണോ എന്നതാണു മുഖ്യം. വിശ്വാസം ആത്മാർത്ഥമെ ങ്കിൽ 25 (1) വകുപ്പിന്റെ സംരക്ഷണം ന്യൂനപക്ഷത്തിനു ലഭിക്കുകത ന്നെ വേണം. പൊതുസമാധാനം, സദാചാരം, പൊതുജനാരോഗ്യം, സാമ്പത്തിക–രാഷ്ട്രീയ–മതനിരപേക്ഷപ്രവർത്തനങ്ങൾ മുതലായവ സംരക്ഷിക്കുന്നതിനുള്ള നിയമങ്ങൾക്ക് ഈ വിശ്വാസം എതിരാവുന്നു ണ്ടോ എന്നുമാത്രമേ ഇക്കാര്യത്തിൽ നോക്കേണ്ടതുള്ളൂ.

അമേരിക്കൻ ദേശീയഗാനം പാടുമ്പോൾ എഴുന്നേറ്റുനിൽക്കാതിരി ക്കാൻ യഹോവയുടെ സാക്ഷികൾക്കുള്ള അവകാശത്തെപ്പറ്റി അമേരിക്കൻ സുപ്രീംകോടതിയിൽ ജസ്റ്റിസ് ജാക്സൺ നൽകിയ വിധിന്യായ ത്തിൽനിന്നു ചില വാക്യങ്ങൾ ഇന്ത്യൻ സുപ്രീംകോടതി ഉദ്ധരിച്ചിട്ടു ണ്ട്. ജസ്റ്റിസ് ജാക്സൺ എഴുതി:

'നമ്മുടെ ഭരണഘടനയാകുന്ന ആകാശമണ്ഡലത്തിൽ സ്ഥിരമായി നിൽക്കുന്ന ഏതെങ്കിലും നക്ഷത്രമുണ്ടെങ്കിൽ അതിതാണ്: രാഷ്ട്രീയത്തി ലും, ദേശീയതയിലും, മതത്തിലും, മറ്റേതൊരു കാര്യത്തിലും യാഥാ സ്ഥിതികമെന്നു വിശേഷിപ്പിക്കാവുന്നത് ഏത് എന്നു നിർദേശിക്കാ നോ, അതിനോടുള്ള കൂറു പുലർത്തുന്നതായി വാക്കുകൊണ്ടോ, പ്രവൃത്തി കൊണ്ടോ പ്രഖ്യാപിക്കണമെന്ന് ആരേയും നിർബന്ധിക്കാനോ, ഏതു് ഉദ്യോഗസ്ഥനും—ഉദ്യോഗം വലുതോ, ചെറുതോ ആകട്ടെ—അധികാര മില്ല.'

'നമ്മുടെ പാരമ്പര്യം നമ്മെ പഠിപ്പിക്കുന്നതു സഹിഷ്ണുതയാണ്. നമ്മുടെ തത്ത്വശാസ്ത്രം ഉപദേശിക്കുന്നതും സഹിഷ്ണുതതന്നെ. നമ്മുടെ ഭര ണഘടന സഹിഷ്ണുത നടപ്പിൽ വരുത്തുന്നു, സഹിഷ്ണുതയിൽ നാം വെള്ളം ചേർക്കാതിരിക്കുക' എന്നും സുപ്രീംകോടതി പറയുന്നുണ്ട്.

ഒരു സ്കൂളിലെ കുട്ടികൾ ഒന്നിച്ചു ദേശീയഗാനം പാടുമ്പോൾ അതിൽ ചേരാതെ, എന്നാൽ, അച്ചടക്കത്തോടെയും മൗനമായും മൂന്നു കുട്ടി കൾ എഴുന്നേററുനിൽക്കുന്നുവെങ്കിൽ, അതു നമ്മുടെ ദേശീയ–അഖണ്ഡത യെ തകർത്തുകൊള്ളണമെന്നില്ല. ദേശീയബോധമെന്നതു കൂടുതൽ അഗാ ധമായ ഒരു വികാരമാണ്. രാഷ്ട്രത്തിന്റെ ഭൂതകാലത്തിൽ അഭിമാനം, വർത്തമാനകാലത്തിൽ സന്തുഷ്ടി, ഭാവിയിൽ പ്രതീക്ഷ എന്നിവ പൗര ഹൃദയങ്ങളിൽ വേരൂന്നുമ്പോൾ മാത്രമേ ജനതയിൽ ദേശീയബോധത്തി ന് അസ്തിവാരം ഉറയ്ക്കുകയുള്ളൂ.

യഹോവയുടെ സാക്ഷികളുടെ കുട്ടികളെ നിർബന്ധിച്ചു ദേശീയ ഗാനം പാടിക്കാൻ നിയമമുണ്ടാക്കുംമുമ്പ്, പ്രസക്തങ്ങളായ ഇത്തരം കാര്യങ്ങളെപ്പററി കേരള വിദ്യാഭ്യാസമന്ത്രി ആലോചിക്കുന്നതു നന്നാ യിരിക്കും.

(9 സെപ്തംബർ, 1986)

# 35. ജനഗണമന

അപവാദം പറഞ്ഞുപരത്താനുള്ള വാസന ഇല്ലാത്ത മനുഷ്യർ കുറയും. 'സ്ത്രീകളെപ്പററിയും വാക്കിനെപ്പററിയും ആണ് അപവാദമെങ്കിൽ, എല്ലാ ജനങ്ങളും ദുർജനങ്ങൾതന്നെ' എന്നു് പ്രസിദ്ധ നാടകകൃത്തായ

ഭവഭൂതി പറഞ്ഞിട്ടുണ്ട് (യഥാ സ്ത്രീണാം തഥാ വാചാം സാധുത്വേ ദുർജനോ ജനഃ).

പിൽക്കാലത്തു് ഇന്ത്യയുടെ 'ദേശീയഗീതം' ആയി ഭരണഘടനാ നിർമ്മാണസമിതി അംഗീകരിച്ച മഹാകവി ടാഗോറിന്റെ 'ജനഗണ മന' എന്നു തുടങ്ങുന്ന ഉജ്ജ്വലഗീതത്തെപ്പററിയുള്ള നിരന്തരമായ അപ വാദപ്രചാരണം, ഭവഭൂതിയുടെ വചനം ഇന്നും എത്രയും പ്രസക്തമാണെ ന്നതിനു തെളിവാണ്.

ജനുവരി 5—ാം തീയതിയിലെ 'കേരളശബ്ദ'ത്തിൽ 'സിംഹാസ നം നഷ്ടപ്പെടുത്തിയ ഒരു പ്രണയബന്ധം' എന്ന തലക്കെട്ടിനു കീഴിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിൽ പ്രകടമായ പ്രസക്തി ഒന്നും ഇല്ലാതെ ശ്രീ മററൂർ ഈ അപവാദം ഇങ്ങനെ ആവർത്തിച്ചിരിക്കുന്നു:

'ജോർജ് പഞ്ചമന്റെ 1911—ലെ ഇന്ത്യൻ സന്ദർശനത്തോടനുബ ന്ധിച്ച്, 'ഗുരുദേവൻ' എന്നു് മഹാത്മാഗാന്ധി വിശേഷിപ്പിച്ച വിശ്വ മഹാകവി രവീന്ദ്രനാഥ ടാഗോർ രചിച്ച മംഗളപത്രമാണ് ഇന്നു നാം ദേശീയഗാനമായി ആലപിക്കുന്ന ജനഗണമന. 'ജനഗണമന അധി നായക ജയഹേ ഭാരതഭാഗ്യവിധാതാ' തുടങ്ങിയ അതിലെ വിശേഷണ ങ്ങളെല്ലാം, ഈ ചക്രവർത്തിയുടെ അപദാനങ്ങൾ പ്രകീർത്തിക്കാനാ യി ഒരുകാലത്തു് ബ്രിട്ടീഷ് സാമ്രാജ്യവാഴ്ചയുടെ വൈതാളികനായി രുന്ന രവീന്ദ്രനാഥ ടാഗോർ എഴുതിയുണ്ടാക്കിയതാണ്;'

തന്റെ കറകളഞ്ഞ സ്വാതന്ത്ര്യപ്രേമവും കടുത്ത സാമ്രാജ്യത്വവിരോ ധവും പ്രദർശിപ്പിക്കാൻ മഹാകവി രവീന്ദ്രനാഥ ടാഗോറിനെ മാത്രം അധിക്ഷേപിച്ചാൽ പോരെന്നു കരുതിയിട്ടാവാം ശ്രീ മററൂർ ടാഗോറി നെ 'ഗുരുദേവൻ' എന്നു വിശേഷിപ്പിച്ച മഹാത്മാഗാന്ധിയെക്കൂടി വ്യം ഗ്യരീതിയിൽ പരിഹസിക്കുന്നതു്!

പരമാർത്ഥം എന്താണ്?

1911—ൽ ശ്രീ ബിഷൻ നാരായൺ ധറിന്റെ അദ്ധ്യക്ഷതയിൽ കൽക്കത്തയിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ വാർഷികസമ്മേ ളനം ചേർന്നു. ഈ സമ്മേളനം ആരംഭിച്ചതു് അന്നേക്കു കവിയെന്ന നിലയിൽ വലിയ പ്രസിദ്ധി നേടിക്കഴിഞ്ഞിരുന്ന രവീന്ദ്രനാഥ ടാഗോ റിന്റെ 'ജനഗണമന' എന്ന ബംഗാളിഗാനത്തിന്റെ ആലാപത്തോടെ യാണ്. ഏറെക്കാലമായി ഇന്ത്യയിലെ ജനങ്ങളുടെ പ്രതിഷേധത്തിനും നിരന്തരമായ പ്രക്ഷോഭണത്തിനും വഴിവെച്ചുകൊണ്ടിരുന്ന ബംഗാൾ വിഭജനം റദ്ദ്ചെയ്യുന്നതിനു് ബ്രിട്ടീഷ് ഗവണ്മെൻറ് ഇതിനു് അല്പം മുമ്പു തീരുമാനിച്ചിരുന്നു. ഈ തീരുമാനം അന്നത്തെ കോൺഗ്രസ് അംഗങ്ങൾക്ക് ആഹ്ലാദകരവുമായിരുന്നു.

വെയിൽസ് രാജകുമാരൻ (ബ്രിട്ടീഷ് കിരീടാവകാശി) ആയിരു ന്ന അഞ്ചാം ജോർജ് ഈ അവസരത്തിൽ ഇന്ത്യ സന്ദർശിച്ചു. രാജകുമാര നു് ഒരു സ്വീകരണവും മംഗളപത്രവും നൽകാൻ കൽക്കത്തയിലെ കോൺഗ്രസ് സമ്മേളനനടത്തിപ്പുകാർ ഏർപ്പാടുചെയ്തു. സമ്മേളനത്തി ന്റെ മൂന്നാംദിവസം രാജകുമാരൻ സദസ്സിൽ സന്നിഹിതനായി ഹിന്ദി യിൽ പദ്യരൂപത്തിലെഴുതിയ മംഗളപത്രം സ്വീകരിച്ചു. ഈ മംഗളപത്ര ത്തിന്റെ രചനയിൽ രവീന്ദ്രനാഥ ടാഗോറിനു പങ്കുണ്ടായിരുന്നതായി ആരും രേഖപ്പെടുത്തിയിട്ടില്ല. ഏതായാലും 'ജനഗണമന' എന്ന ബംഗാ ളിഗീതമായിരുന്നില്ല ആ മംഗളപത്രം. ഹിന്ദിയിലുള്ള അതു് തികച്ചും വ്യത്യസ്തമായ ഒന്നായിരുന്നു.

ഇന്ത്യൻ പൊതുജീവിതത്തിൽ അന്നു് കോൺഗ്രസ് പ്രാധാന്യം ആർജിച്ചുവരുന്നതേ ഉണ്ടായിരുന്നുള്ളു. അക്കാലത്തു് ഇന്ത്യയിൽ പത്ര ങ്ങൾ കുറവായിരുന്നു. ഉള്ളവയ്ക്കു പ്രചാരവും വിരളമായിരുന്നു. സംഭവ

ങ്ങൾ ഉടനടൻ റിപ്പോർട്ട്ചെയ്യുന്ന ഇന്നത്തെ രീതി അന്നു നടപ്പിൽ വന്നിട്ടില്ലായിരുന്നു. ഇന്ത്യയിലെ ഇംഗ്ലീഷ് പത്രങ്ങൾ ആണെങ്കിൽ, കോൺഗ്രസ് വാർത്തകൾ ഏറെക്കുറെ ബഹിഷ്കരിക്കുകയായിരുന്നു പതിവ്.

ഈ പരിതഃസ്ഥിതിയിൽ, കോൺഗ്രസ്സമ്മേളനം നടന്നുകഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കുശേഷം ഒരു ഇംഗ്ലീഷ്പത്രത്തിൽ 'ബ്രിട്ടീഷ് രാജകുമാരനെ പ്രകീർത്തിച്ചുകൊണ്ട് ഒരു ഗീതം സമ്മേളനത്തിൽ ബംഗാളികവി ടാഗോർ ആലപിച്ചു' എന്ന അർത്ഥത്തിൽ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടു. ഈ റിപ്പോർട്ട് നിഷേധിക്കപ്പെട്ടെങ്കിലും, സ്ഥിരമായ ഒരു അപവാദപ്രചാരണത്തിന് അതു പിന്നീട് കാരണമായിത്തീർന്നു. കോൺഗ്രസ് പ്രസിദ്ധീകരിച്ച സമ്മേളനറിപ്പോർട്ട് സംഗതികളുടെ യാഥാർത്ഥ്യം വെളിപ്പെടുത്തുന്നുണ്ടെങ്കിലും, അതു വായിച്ചു നോക്കാൻ പലരും മിനക്കെടുകയുണ്ടായില്ല.

ടാഗോർ ഒരുകാലത്തും ബ്രിട്ടീഷ് സാമ്രാജ്യവാഴ്ചയുടെ വൈതാളികനായിരുന്നില്ല. 1911-ൽ 'ജനഗണമന' എന്ന ഗീതം എഴുതുമ്പോൾ ടാഗോറിന് അമ്പതു വയസ്സായിരുന്നു. 'ഗീതാഞ്ജലി'യിലെ ഗാനങ്ങൾ—ലോകചരിത്രത്തിൽ ഇന്ത്യയ്ക്കുള്ള മഹനീയമായ സ്ഥാനത്തെ സംബന്ധിച്ച ദേശഭക്തിദീപ്തങ്ങളായ ചില ഗാനങ്ങൾ ഇതിൽപ്പെടും— അന്നേക്ക് അദ്ദേഹം എഴുതിക്കഴിഞ്ഞിരുന്നു. ഈ ഘട്ടത്തിൽ അദ്ദേഹം ബ്രിട്ടീഷ് രാജകുമാരനെ പ്രകീർത്തിക്കാനൊരുങ്ങിയെന്നു വിശ്വസിക്കുകയും പറഞ്ഞുപരത്തുകയുംചെയ്യുന്നവരെ നാമെങ്ങനെയാണു വിലയിരുത്തേണ്ടതു്?

'പ്രഭാതി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരുതരം ഗീതങ്ങൾ പണ്ടുമുതൽ ബംഗാളി, ഹിന്ദി മുതലായ ഉത്തരേന്ത്യൻ ഭാഷകളിൽ പ്രചരിച്ചുവന്നു. 'ജനഗണമന' അത്തരത്തിലുള്ള ഒരു പ്രഭാതഗീതമാണ്. രാജ്യത്തിന്റെ അന്ധകാരയുഗം അവസാനിക്കുകയും, ചക്രവാളത്തിൽ ഒരു പുതിയ പ്രഭാതം പൊട്ടിവിടരുകയുംചെയ്യുന്നതായി കവിക്കുണ്ടായ ദർശനമാണ് 'ജനഗണമന' എന്ന ഗീതത്തിൽ അദ്ദേഹം ആവിഷ്കരിച്ചിട്ടുള്ളതു്.

തുല്യ വലിപ്പമുള്ള നാലു ചരണങ്ങൾ അടങ്ങിയതാണ് ഈ ഗീതം. അതിലെ ഒന്നാമത്തെ ചരണം മാത്രമാണ് 'ദേശീയഗീതമായി പില്ക്കാലത്തു് അംഗീകരിക്കപ്പെട്ടതു്. എങ്കിലും, ഗീതത്തിന്റെ പൂർണമായ അർത്ഥം മനസ്സിലാക്കുന്നതിന് നാലു ചരണങ്ങളുടെയും സാരാംശം അറിഞ്ഞിരിക്കണം. ചുരുക്കത്തിൽ ഈ ഗീതത്തെ ഇങ്ങനെ വിവർത്തനം ചെയ്യാം.

1. ജനസമൂഹങ്ങളുടെ മനസ്സുകൾക്കുമേൽ ആധിപത്യം ചുമത്തുന്നവനേ! ഭാരതഭാഗ്യവിധാതാവേ! ജയിക്കുക! പഞ്ചാബ്, സിന്ധ്, ഗുജറാത്ത്, മഹാരാഷ്ട്രം, ദ്രാവിഡം, ഉൽക്കലം (ഒറീസ്സ), വംഗം മുതലായ ഭൂപ്രദേശങ്ങളും വിന്ധ്യൻ, ഹിമാലയം മുതലായ പർവതങ്ങളും തിരകൾ ഇളകുന്ന യമുന, ഗംഗ മുതലായ നദികളും നിന്റെ മംഗളനാമം കേട്ട് ഉണരുന്നു; നിന്റെ അനുഗ്രഹത്തിന് അഭ്യർത്ഥിക്കുന്നു. നിന്റെ ജയഗാഥ പാടുന്നു. ജനങ്ങൾക്കു മംഗളം നൽകുന്നവനേ, ജയിക്കുക!

2. ഓരോ ദിവസവും നിന്റെ ആഹ്വാനം ശ്രദ്ധിച്ചും ഉദാരമായ നിന്റെ വാക്കു കേട്ടും, ഹിന്ദുക്കൾ, ബൗദ്ധന്മാർ, സിഖുകാർ, ജൈനന്മാർ, പാഴ്സികൾ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ എന്നീ വ്യത്യസ്ത മതക്കാർ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിന്റെ സിംഹാസനത്തിനടുത്തെത്തി പാട്ടുകൾകൊണ്ടു നിന്നെ പ്രേമമാല്യങ്ങൾ അണിയിക്കുന്നു. ജനഗണങ്ങളിൽ ഐക്യം ഉളവാക്കുന്നവനേ, ഭാരതഭാഗ്യവിധാതാവേ, ജയിക്കുക!

3. പതനവും ഉത്ഥാനവുംകൊണ്ടു മനോഹരമാണ് ചരിത്രത്തിന്റെ പാത. യുഗയുഗങ്ങളായി യാത്രക്കാർ ഈ പാതയിലൂടെ മുന്നോട്ടു പോകുന്നു. അല്ലയോ ശാശ്വത സാരഥേ! ഈ പാതയിൽ നിന്റെ രഥചക്രങ്ങളുടെ ശബ്ദം രാപ്പകൽ മാറെറാലികൊള്ളുന്നു. ഭയങ്കരമായ വിപ്ലവത്തിന്റെ മധ്യത്തിൽ നിന്റെ ശംഖധ്വനി മുഴങ്ങുന്നു. പ്രതിസന്ധികളിൽനിന്നും ദുഃഖങ്ങളിൽനിന്നും രക്ഷിക്കുന്നവനേ, ഭാരതഭാഗ്യവിധാതാവേ, ജയിക്കുക! ..

4. രാത്രി പുലർന്നു; സൂര്യൻ ഉദിച്ചു; പ്രകാശം പരന്നു. പക്ഷികളും കളകൂജനങ്ങളും ഉതിർക്കുന്നു. ജനങ്ങളും ഉണർന്നുകഴിഞ്ഞു. ജനഗണനേതാവേ, ഭാരതഭാഗ്യവിധാതാവേ, ജയിക്കുക!

ഈ സംക്ഷിപ്ത വിവർത്തനത്തിൽനിന്നു്, 'ജനഗണമന'യിലെ ഒരൊററ വിശേഷണവും ജോർജ് ചക്രവർത്തിയുടെ അപദാനങ്ങളും പ്രകീർത്തിക്കുന്നില്ലെന്നു വ്യക്തമാവും. ഇന്ത്യ എന്ന മഹാരാജ്യത്തിലെ ജനകോടികളുടെ ഭാഗധേയങ്ങളെ ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്ന സർവേശ്വരനോ, സാമൂഹികചേതനയ്ക്കോ ആണു് മഹാകവി ഇവിടെ ജയ ജയ പാടുന്നതു്.

ബങ്കിമചന്ദ്ര ചാററർജി എഴുതിയതും 'ആനന്ദമഠം' എന്ന നോവലിൽ ആദ്യം പ്രസിദ്ധീകരിച്ചതുമായ 'വന്ദേമാതരം' എന്ന ഗാനം ഇന്ത്യയുടെ ദേശീയഗാനമായി അംഗീകരിക്കപ്പെടാതിരുന്നതിനു കാരണമുണ്ട്. 'സുഫലയും സുജലയും മലയജശീതളയും സസ്യശ്യാമളയും' എന്നു് ഇന്ത്യയുടെ ഭൂപ്രകൃതിയെ വർണിച്ചുകൊണ്ടു തുടങ്ങുന്നതെങ്കിലും ഈ ഗാനം തുടർന്നുവരുന്ന വരികളിൽ ഹിന്ദുക്കൾ ആരാധിച്ചുവരുന്ന ദുർഗ, ലക്ഷ്മി എന്നീ ദേവിമാർക്കും ഇന്ത്യയ്ക്കും തമ്മിൽ അഭേദം കല്പിക്കുന്നു:

> 'ത്വംഹി ദുർഗാ ദശപ്രഹരണ ധാരിണീ
> കമലാ കമല ദളവിഹാരിണീ.'

ഇക്കാരണത്താൽ, വന്ദേമാതരഗാനത്തിനു ഹിന്ദുമതപരമായ ഒരു കീർത്തനത്തിന്റെ സ്വഭാവമുണ്ടെന്നും, അതുകൊണ്ടു ദേശീയഗീതമായി അതു് അംഗീകരിച്ചുകൂടെന്നും മുസ്ലീംലീഗ് നിരന്തരമായി വാദിച്ചുവന്നു. ഇന്ത്യ ഒരു മതനിരപേക്ഷ രാഷ്ട്രമാണെന്ന കോൺഗ്രസ്സുകാരുടെ അവകാശവാദം കളവാണെന്നും, സ്വതന്ത്രഭാരതത്തിൽ നടപ്പിൽവരുക ഹിന്ദുഭരണമായിരിക്കുമെന്നും സ്ഥിരമായ പ്രചാരണം ഇവിടെ വർഷങ്ങളോളം നടന്നുകൊണ്ടിരുന്നു. ഇന്ത്യയുടെ മതനിരപേക്ഷതയിൽ ന്യൂനപക്ഷങ്ങൾക്ക് ഉണ്ടായേക്കാവുന്ന ആശങ്ക ഒഴിവാക്കാനാണ് ജവാഹർലാൽ നെഹ്റുവിന്റെ നിർദേശപ്രകാരം ഭരണഘടനാനിർമാണസഭ 'വന്ദേമാതര' ഗാനത്തെ ദേശീയഗാനമെന്ന പദവിയിൽനിന്നു് ഒഴിച്ചുനിർത്തിയതു്.

ഇതിനൊക്കെ ഇഷ്ടംപോലെ തെളിവുകളുണ്ട്. പക്ഷേ, ആരു് അതൊക്കെ നോക്കുന്നു? അപവാദം പരത്താൻ വല്ല പഴുതുമുണ്ടെങ്കിൽ, ആ രസം എന്തിനു വേണ്ടെന്നുവെയ്ക്കുന്നു? സത്യം പോയി തുലയട്ടെ. ആർക്കു ചേതം?

അപവാദം പ്രചരിപ്പിച്ചു സ്വയം രസിക്കുകയാണു തന്റെ ലേഖനത്തിൽ ശ്രീ മറവൂരും ചെയ്തിട്ടുള്ളതു്. ടാഗോറിനെ 'ബ്രിട്ടീഷ്സാമ്രാജ്യവാഴ്ചയുടെ വൈതാളികൻ' എന്നു് അധിക്ഷേപിച്ചിട്ടും തൃപ്തിവരാതെ, അദ്ദേഹത്തെ 'ഗുരുദേവൻ' എന്നു വിളിച്ചാദരിച്ച മഹാത്മാഗാന്ധിയെക്കൂടി ശ്രീ മറവൂർ പരിഹസിക്കുന്നു:

'വരുമിഹ സുജനാപവാദ പാപം
പരനതു ചെയ്വതു കേട്ടിരിപ്പവർക്കും'

എന്ന കാളിദാസപദ്യമാണ് ഈ കുറിപ്പെഴുതാൻ എന്നെ പ്രേരിപ്പിച്ചതു്. ശ്രീ മാറാർ ക്ഷമിക്കുക!

(26 ഡിസംബർ, 1985)

# 36. ടാഗോർ ജന്മവാർഷിക ചിന്തകൾ

1986 മെയ് 9–ാം തീയതി മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ 125–ാം ജന്മവാർഷികം ഇന്ത്യയിൽ പലേടത്തും ആഘോഷിക്കുകയുണ്ടായി. അന്നു പൊതു ഒഴിവു് ഇന്ത്യാഗവണ്മെന്റ് പ്രഖ്യാപിച്ചു. ടാഗോറിന്റെ ബഹുമുഖപ്രതിഭയെ പ്രേക്ഷകർക്കു പരിചയപ്പെടുത്തിക്കൊടുക്കുന്ന പരിപാടികൾ തുടർച്ചയായി മൂന്നു ദിവസം ദൂരദർശനിൽ പ്രദർശിപ്പിക്കപ്പെട്ടു. മഹാകവിയുടെ ജന്മവാർഷികം ഒരു ദേശീയോത്സവമാക്കുന്നതു സംബന്ധിച്ച് ഇന്ത്യാഗവണ്മെന്റ് പെട്ടെന്നു് ഒരു തീരുമാനമെടുക്കുകയാണുണ്ടായതെന്നു തോന്നുന്നു. അതിനാൽ, ആഘോഷങ്ങൾ മുൻകൂട്ടി ആസൂത്രണംചെയ്യപ്പെട്ടില്ല; അവയിൽ സ്വമേധയാ പങ്കുചേരുവാൻ പൊതുജനങ്ങൾക്കു് അവസരം ലഭിച്ചുമില്ല. ബംഗാളിൽ ഇടിഞ്ഞു താഴ്ന്നുകിടക്കുന്ന കോൺഗ്രസ് സ്വാധീനം ഉയർത്തിക്കൊണ്ടുവരുന്നതിനു് ശ്രീ രാജീവ് ഗാന്ധി കൈക്കൊണ്ട ഒരു സൂത്രമായിരുന്നു ഈ സപാദശതാബ്ദ്യാഘോഷമെന്നു പലരും ആക്ഷേപിച്ചു. ഈ ആക്ഷേപത്തിൽ സത്യം ഉണ്ടായിക്കൂടായ്കയില്ല. എങ്കിലും, എന്തു് ഉദ്ദേശ്യത്തോടെയാണെങ്കിലും, മഹാകവിയുടെ അനന്യസാധാരണങ്ങളായ ഉപലബ്ധികളെ അനുസ്മരിക്കുവാൻ ഒരവസരം ജനങ്ങൾക്കു നൽകിയ ഇന്ത്യാഗവണ്മെന്റ് തീർച്ചയായും അഭിനന്ദനം അർഹിക്കുന്നുണ്ട്. കാളിദാസന്റെ മരണത്തിനുശേഷം, ടാഗോറിനെപ്പോലെ ഒരു കവി ജനിക്കുവാൻ ഇന്ത്യ രണ്ടായിരം സംവത്സരങ്ങളോളം കാത്തിരിക്കേണ്ടിവന്നു. ഈ രണ്ടു പ്രതിഭാശാലികളോടുമൊപ്പം തലപ്പൊക്കമുള്ള മറെറാരു കവി ഈ നാട്ടിൽ ഇനി എന്നു പിറക്കുമെന്നു പറയാനാവില്ല. ഭൗതികനേട്ടങ്ങളെ ച്ചൊല്ലി ഇന്ത്യക്കാരായ നമുക്കു വളരെക്കുറച്ചേ അഭിമാനിക്കാനുള്ളു. എന്നാൽ, ചിന്തയുടെയും ഭാവനയുടെയും മണ്ഡലത്തിൽ മനുഷ്യവർഗത്തിനു കൈവന്നിട്ടുള്ള അത്യുന്നതസിദ്ധികളിൽ പലതും ഭാരതീയരുടെ സംഭാവനകളാണ്. അവയെപ്പററി മനസ്സിലാക്കുന്നതിനും, ആ മനസ്സിലാക്കലിലൂടെ ഉദ്ബുദ്ധമായ ദേശീയാഭിമാനം ഉൾക്കൊള്ളുന്നതിനും ജനതയ്ക്കു ലഭിക്കുന്ന ഒരവസരവും നിഷ്പ്രയോജനമല്ല.

കവിത, തത്ത്വചിന്ത, സംഗീതം, ചിത്രകല, നൃത്യം, അഭിനയം, വിദ്യാഭ്യാസം, സമൂഹസേവനം—അങ്ങനെ സംസ്കാരത്തിന്റെ വിഭിന്ന മണ്ഡലങ്ങളിൽ മഹാകവി രവീന്ദ്രനാഥ ടാഗോർ നേടിയ വിപുലങ്ങളായ ഉപലബ്ധികളെപ്പററി ഇത്തരമൊരു കുറിപ്പിൽ സംക്ഷിപ്തമായെങ്കിലും പ്രതിപാദിക്കുക അസാദ്ധ്യമാണ്. വർഷങ്ങളിലൂടെ നീണ്ടുപോകുന്ന ക്ഷമാപൂർവ്വമായ അധ്യയനം മാത്രമേ മഹാകവിയുടെ സഹസ്രമുഖമായ വ്യക്തിത്വത്തിന്റെ ഔജ്ജ്വല്യം നമുക്കു വെളിപ്പെടുത്തിത്തരുകയുള്ളു. ടാഗോർ ജീവിച്ചിരുന്ന കാലത്തു്, ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിനു മുമ്പ്, അദ്ദേഹത്തിന്റെ കൃതികൾ മാത്രമടങ്ങിയ ഗ്രന്ഥശാലാവിഭാഗങ്ങൾ ഇന്ത്യയിലെ ചില കലാലയങ്ങളിലെങ്കിലും ഉണ്ടായിരുന്നതായി അറിയാം. ടാഗോർസാഹിത്യപഠനത്തിൽ സവിശേഷ താല്പര്യം പ്രദർശി